യു.ഡി.എഫ്. ധർണ്ണ

97 (98) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷം നേതാവിന്റേയും നിയമസഭാകക്ഷി നേതാക്കളുടേയും യു.ഡി.എഫ്. കൺവീനറുടേയും നേതൃത്വത്തിൽ 2000 ഫെബ്രുവരി 3-ാംതീയതി സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിനു മുമ്പിൽ ധർണ്ണ നടത്തുവാൻ പോയ പ്രതിപക്ഷ എം.എൽ.എമാരുടേയും എം.പി.മാരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രതിപക്ഷപ്രതിനിധികളുടേയും ജാഥയെ പോലീസ് തടഞ്ഞുവോ ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ജാഥ തടഞ്ഞത് ;

(ബി) പ്രസ്തുത ജാഥയെ തടഞ്ഞതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജാഥയിൽ പങ്കെടുത്ത ആരെല്ലാം പോലീസ് ലാത്തി പ്രയോഗത്തിന് വിധേയമായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസ് പ്രവർത്തനം തടസ്സപ്പെടുത്തുന്നത് ഇല്ലാതാക്കുന്നതിനുവേണ്ടി ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലെവച്ച് കേരളാ പോലീസ് ആക്ട് പ്രകാരം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ നിയമാനുസൃത ഉത്തരവ് അനുസരിച്ചാണ് യു.ഡി.എഫ് നേതാക്കളുടെ ജാഥ പോലീസ് തടഞ്ഞത്.

(ബി) യു.ഡി.എഫ്. നേതൃത്വത്തിലുള്ള ജാഥ നടത്തുന്നതിന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ ഗേറ്റിന് 200 മീറ്റർ അകലംവരെ മാത്രമേ അനുവാദം നൽകിയിരുന്നുള്ളു. ഇലക്ഷൻ കമ്മീഷൻ ഓഫീസിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനും മറ്റ് അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാനുമാണ് ജാഥ തടഞ്ഞത്.

(സി) പോലീസ് ലാത്തിപ്രയോഗം നടത്തിയിട്ടില്ല.

പിൻവലിച്ച കേസുകളുടെ എണ്ണം

98 (99) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോടതികളുടെ പരിഗണനയിലിരുന്നതോ കോടതികളിൽ ചാർജ്ജ് ചെയ്തതോ ആയ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ബി) പിൻവലിച്ച കേസുകളെ സംബന്ധിക്കുന്ന ജില്ലാടിസ്ഥാത്തിലുള്ള കണക്ക് നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly